# Mathrubhumi

# 23 August 2018

# Kerala Flood, CM’s Flood Relief Fund

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായപ്രവാഹം

- മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് ഷാർജ ഭരണാധികാരി പ്രഖ്യാപിച്ച സഹായധനം കൈമാറി. ഷാർജ ഭരണാധികാരിയുടെ സാമ്പത്തികോപദേഷ്ടാവ് സെയ്ദ് മുഹമ്മദ് നാലുകോടി രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ പ്രവാസി ക്ഷേമനിധിബോർഡ് അംഗം കൊച്ചുകൃഷ്ണൻ, ഷാർജ ഇന്ത്യൻ അസോസിയേഷൻ മുൻ പ്രസിഡൻറ് വൈ.എ. റഹീം എന്നിവർ സംബന്ധിച്ചു.
- ഫിനാബ്ലർ ഗ്രൂപ്പ് സ്ഥാപകനും യൂണിമണി, യു.എ.ഇ. എക്സ്ചേഞ്ച്, എൻ.എം.സി. ഹെൽത്ത് കെയർ ചെയർമാനുമായ ഡോ. ബി.ആർ. ഷെട്ടി മുഖ്യമന്ത്രി പിണറായി വിജയന് നാലുകോടി രൂപയുടെ ആദ്യ ചെക്ക് കൈമാറി. നേരത്തേ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി പ്രഖ്യാപിച്ചിരുന്ന രണ്ടു കോടി രൂപയാണ് ഡോ. ഷെട്ടി നാലു കോടിയായി ബുധനാഴ്ച കൂട്ടിനൽകിയത്.
- ദക്ഷിണ കൊറിയൻ ഇലക്ട്രോണിക്സ് കമ്പനിയായ സാംസങ് രണ്ടുകോടി രൂപ നൽകും
- ശ്രീകൃഷ്ണപുരം കാട്ടുകുളം പരിയാനമ്പറ്റ ഭഗവതി ക്ഷേത്രം നൽകുന്ന 1.75 ലക്ഷം രൂപയുടെ ചെക്ക് പി. ഉണ്ണി എം.എൽ.എ. ഏറ്റുവാങ്ങി.
- മുൻ അറ്റോർണി ജനറൽ മുകുൾ റോഹ്തഗി അരക്കോടി രൂപ നൽകി.
- ബംഗാൾ സർക്കാർ പ്രഖ്യാപിച്ച 10 കോടി രൂപ ബുധനാഴ്ച കൈമാറി.



ഡോ. ബി.ആർ. ഷെട്ടി മുഖ്യമന്ത്രിക്ക് നാലു കോടി രൂപയുടെ ചെക്ക് കൈമാറുന്നു. പ്രശാന്ത് മങ്ങാട്ട്, പ്രമോദ് മങ്ങാട്ട്, അമിത് സക്സേന എന്നിവർ സമീപം